LIBRARY ARCHIVES Kerala Legislative Assembly

പുതുതായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ

112 [421] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര കോടി രൂപ വീതം മുതൽമുടക്കുള്ള ഏതൊക്കെ പുതിയ വ്യവസായ സംരംഭങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളത്;

(ബി) ഇവയെ സ്വകാര്യ സംരംഭങ്ങൾ, സംയുക്ത സംരംഭങ്ങൾ, സഹകരണ സംരംഭങ്ങൾ, പൊതുമേഖലാ സംരംഭങ്ങൾ എന്ന് തിരിച്ചും, ഓരോന്നും എത്ര പേർക്ക് വീതം തൊഴിൽ നൽകി എന്നതു സംബന്ധിച്ചുമുള്ള വിശദാംശം നൽകുമോ;

(സി) ഇവയിൽ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് വഴി മാത്രം എത്ര കോടി രൂപ വീതം മുതൽമുടക്കുള്ള ഏതൊക്കെ സംരംഭങ്ങളാണ് കേരളത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്നും ഇവ ഓരോന്നും എത്ര പേർക്ക് വീതം തൊഴിൽ നൽകി എന്നതിന്റേയും വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ജിം ഉദ്ദേശിച്ച ഫലപ്രാപ്തി നൽകാത്തതിനെ സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) കെ.എസ്.ഐ.ഡി.സി. യുമായി ചേർന്ന് 34 പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ട്. ഇവയുടെ ആകെ മുതൽമുടക്ക് 250 കോടി രൂപയാണ്. ഇവ എല്ലാംതന്നെ സ്വകാര്യമേഖലയിലാണ്. അവയിലെല്ലാംകൂടി ഏകദേശം 3550 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

(സി) ജിം വഴി 121.25 കോടി രൂപ മുതൽമുടക്കുള്ളതും 857 പേർക്ക് തൊഴിൽ നൽകുന്നതുമായ 11 സ്ഥാപനങ്ങളാണു പ്രവർത്തനമാരംഭിച്ചിട്ടുള്ളത് (അനുബന്ധം കാണുക). †

(ഡി) ജിം-ന്റെ ഫലപ്രാപ്തിയെക്കുറിച്ച് അന്തിമമായി വിലയിരുത്താറായിട്ടില്ല.

വ്യവസായ മേഖലയിൽ സർക്കാരിന്റെയും മറ്റ് ഏജൻസികളുടേയും നിക്ഷേപം

113 [422] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ സർക്കാരും സ്വകാര്യ ഏജൻസികളും നിക്ഷേപിച്ച തുക എത്രയെന്ന് വെളിപ്പെടുത്താമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇവ ഏതെല്ലാം മേഖലകളിലേക്കാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള വ്യവസായങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വിപുലീകരണത്തിനുമായി നിക്ഷേപിച്ച തുകയെത്ര;

(ഡി) വ്യവസായ മേഖലയിൽ എത്ര പേർക്ക് പുതുതായി തൊഴിൽ നൽകി; ഇത് സംബന്ധിച്ച് പൊതുമേഖല, സ്വകാര്യ മേഖല എന്നിവ വേർതിരിച്ച് വിശദമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള പൊതു മേഖല സ്വകാര്യമേഖല വ്യവസായങ്ങൾ അടച്ചുപൂട്ടിയതിന്റെയോ ലേ-ഓഫ് ചെയ്തതിന്റെയോ ഫലമായി ഉണ്ടായ തൊഴിൽ നഷ്ടം സംബന്ധിച്ച് വിശദവിവരം നൽകുമോ;

(എഫ്) പരമ്പരാഗത വ്യവസായങ്ങളുടെ പ്രതിസന്ധിയെ തുടർന്ന് എത്ര പേർക്ക് തൊഴിൽ നഷ്ടമായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ മുതൽ എഫ് വരെ) വിവരം ശേഖരിച്ചുവരുന്നു.

ലാഭകരമായി പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

114 [423] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിച്ചുവരുന്നുവെന്ന് അറിയിക്കുമോ;

(ബി) അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ 10 വർഷക്കാലമായി നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന പൊതു മേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(ഡി) മൊത്തം മൂലധന നിക്ഷേപത്തേക്കാൾ നഷ്ടം വരുത്തിയിട്ടുള്ള പൊതു മേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(ഇ) സമാനലക്ഷ്യങ്ങളും പശ്ചാത്തലവുമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സംയോജിപ്പിക്കുവാൻ ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly